# പതിനാലാം കേരള നിയമസഭ
# പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം
നിയമസഭാ ചോദ്യം നമ്പർ: 2316 — 14.06.2019 ലെ മറുപടിയ്ക്ക്

**ട്രഷറി നവീകരണവും അടിസ്ഥാന സൗകര്യ വികസന നടപടികളും**

**ചോദ്യം** — **ഉത്തരം**

ശ്രീ.ഡി.കെ.മുരളി
ശ്രീ.ഐ.ബി.സതീഷ്
ശ്രീ.മുരളി പെരുനെല്ലി
ശ്രീ.ജോർജ് എം.തോമസ്

ഡോ. റ്റി.എം. തോമസ് ഐസക്
ബഹു. ധനകാര്യവും കയറും വകുപ്പ് മന്ത്രി

| | | |
|---|---|---|
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ട്രഷറികളുടെ നവീകരണത്തിനും ആധുനിക-വത്കരണത്തിനുമായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | സംസ്ഥാന ട്രഷറികളിൽ നടപ്പിലാക്കി കൊണ്ടിരിക്കുന്ന നവീകരണ, ആധുനിക-വത്കരണ നടപടികൾ പ്രധാനമായും അടിസ്ഥാന സൗകര്യ വികസന പദ്ധതിയും ധനകാര്യ ഇടപാടുകളുടെ ആധുനിക-വത്കരണവുമാണ്. ഇതിൻപ്രകാരം ഈ സർക്കാർ അധികാരമേറ്റതിനുശേഷം 23 ട്രഷറികളുടെ നിർമ്മാണത്തിനുള്ള ഭരണാനുമതി നൽകുകയും, ഇതിൽ സാങ്കേതികാനുമതി നൽകിയ 16 ട്രഷറികളുടെ നിർമ്മാണ നടപടികൾ പുരോഗമിക്കുകയുമാണ്. കൂടാതെ 15 ട്രഷറികൾക്ക് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനായി ഭൂമി ലഭ്യമായിട്ടുണ്ട്. ഇവയുടെ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കി വരുന്നു.<br>ഇതോടൊപ്പം, വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന 23 ട്രഷറികൾക്ക് സ്വന്തമായി ഭൂമി ലഭ്യമാക്കുന്നതിനുള്ള നടപടികൾ റവന്യൂ, തദ്ദേശ സ്വയംഭരണം എന്നീ വകുപ്പുകളിൽ പുരോഗമിക്കുകയാണ്. കൂടാതെ സംസ്ഥാനത്തെ 16 ട്രഷറികളെ മോഡൽ ട്രഷറികളായി ഉയർത്തുന്നതിനായി അവയുടെ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കി വരുന്നു. സ്വന്തം കെട്ടിടത്തിൽ പ്രവർത്തിക്കുന്ന 13 |

| | | |
|---|---|---|
| | | ട്രഷറികളെ ആധുനീകവത്കരിക്കുന്നതിനായി പൊതുമരാമത്ത് വകുപ്പ് നവീകരണ പ്രവർത്തികൾ നടത്തി വരികയും ചെയ്യുന്നു. അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമല്ലാത്ത, സ്വന്തം കെട്ടിടത്തിൽ പ്രവർത്തിക്കുന്ന 39 ട്രഷറികളുടെയും നവീകരണവുമായി ബന്ധപ്പെട്ട് എസ്റ്റിമേറ്റ് സമർപ്പിക്കുന്നതിന് പൊതുമരാമത്ത് വകുപ്പിന് നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (ബി) | ട്രഷറി അടിസ്ഥാന സൗകര്യ വികസന പരിപാടിയിൽ ഉൾപ്പെടുത്തി പുതിയ ട്രഷറി കെട്ടിടങ്ങൾ നിർമ്മിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; | ട്രഷറി അടിസ്ഥാന സൗകര്യ വികസന പദ്ധതിയിൽ ഉൾപ്പെടുത്തി പുതിയ ട്രഷറി കെട്ടിടങ്ങൾ നിർമ്മിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. 23 ട്രഷറി കെട്ടിടങ്ങൾക്കുള്ള ഭരണാനുമതി ലഭിച്ചതിൽ 16 ട്രഷറികളുടെ നിർമ്മാണ നടപടികൾ വിവിധ ഘട്ടങ്ങളിൽ പുരോഗമിക്കുന്നു. |
| (സി) | ട്രഷറി ഇടപാടുകൾ ഡിജിറ്റൽ പ്ലാറ്റ്ഫോമിൽ ആക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കുമോ; | സർക്കാരിന്റെ എല്ലാ ധനകാര്യ ഇടപാടുകളും ഡിജിറ്റൽ ആയാണ് നടക്കുന്നത്. ഓൺലൈനായി മാത്രമേ ട്രഷറികളിൽ ബില്ല് സ്വീകരിക്കുന്നുള്ളൂ. സർക്കാരിൽ നിന്നുള്ള ഒരു പേയ്മെന്റും കറൻസിയായി ഇപ്പോൾ നൽകുന്നില്ല. മുഴുവൻ ഇടപാടുകളും ഇലക്ട്രോണിക്കായി ഇടപാടുകാരുടെ അക്കൗണ്ടിൽ നേരിട്ട് ട്രാൻസ്ഫർ ചെയ്യുകയാണ് നിലവിലെ രീതി. സർക്കാരിലേയ്ക്കുള്ള വരവുകളും ഡിജിറ്റൽ ആയാണ് സ്വീകരിക്കുന്നത്. ഇതിനായി ഇ-ട്രഷറി എന്ന സംവിധാനം ട്രഷറി വകുപ്പിൽ ഏർപ്പെടുത്തിയിട്ടുണ്ട്. ഇടപാടുകാർക്ക് ഇന്റർനെറ്റ് ബാങ്കിംഗ്, ക്രെഡിറ്റ്/ഡബിറ്റ് കാർഡ്, യു.പി.ഐ എന്നിങ്ങനെ ഏതു മാർഗ്ഗത്തിലൂടെയും പണമടയ്ക്കുന്നതിനുള്ള സൗകര്യമുണ്ട്. കൂടാതെ സർക്കാരാഫീസുകളിൽ നേരിട്ട് പണമടയ്ക്കേണ്ടുന്ന അവസരങ്ങളിൽ പി.ഒ.എസ് മെഷീൻ മുഖേന ഡെബിറ്റ്, ക്രെഡിറ്റ് കാർഡുകൾ ഉപയോഗിച്ച് പണമടയ്ക്കുന്നതിനുള്ള സൗകര്യവും ഏർപ്പെടുത്തിയിട്ടുണ്ട്. |

| | | |
|---|---|---|
| (ഡി) | സംസ്ഥാനത്തെ എല്ലാ ട്രഷറികളിലും കോർബാങ്കിംഗ് സൗകര്യം ഏർപ്പെട്ടുത്തിയിട്ടുണ്ടോ; വിശദമാക്കാമോ? | സംസ്ഥാനത്തെ എല്ലാ ട്രഷറികളിലും കോർ ബാങ്കിംഗ് സംവിധാനം ഏർപ്പെട്ടുത്തിയിട്ടുണ്ട്. ഈ സംവിധാനമുപയോഗിച്ച് ട്രഷറി അക്കൗണ്ടുടമകൾക്ക് കേരളത്തിലെ ഏതു ട്രഷറിയിൽ നിന്ന് പണം പിൻവലിക്കുന്നതിനും നിക്ഷേപിക്കുന്നതിനുമുള്ള സൗകര്യം ലഭ്യമാണ്. |

**സെക്ഷൻ ഓഫീസർ**